
ഡിജിറ്റൽ മാഗസിൻ
ഇതൾ
ജി.എച്ച്.എസ്.എസ് കാട്ടിലങ്ങാടി, താനൂർ

## ഉള്ളടക്കം


രാത്രി..........3
കറുപ്പിനഴക്..........5
പ്രകൃതി തൻസുന്ദരം..........7
പാറിപ്പാറുന്ന പക്ഷികൾ..........8
എന്റെ വിദ്യാലയം..........9
അഹങ്കാരിക്ക് പറ്റിയപറ്റ്..........10
അണ്ണാനും കടുവയും..........12
മദ്യം..........14
അമ്മയുടെ സ്നേഹം..........16
ജീവിതവഴികൾ..........18
അറിയാതെ വന്ന സൗഭാഗ്യം..........19
തുള്ളികൾ..........21
കയർ..........23
വിഷമദ്യം..........25

# രാത്രി




മെത്തവിരിച്ച ഞാനുറങ്ങുന്നേരം
ഉറക്കെമ്ങ്ങോട്ടോ മാഞ്ഞുപോയി
പാളി പതിയെതുരന്നു ഞാൻ നോക്കുമ്പോൾ
ഏകാന്തസുന്ദര രാത്രി കണ്ടു
കാറ്റും മഞ്ഞും കുളിരേകും
മിന്നാമിനുങ്ങും മിന്നിത്തിള്ങ്ങും
ഉമ്മറക്കോലായിൽ വിളക്കുകൊളുത്തുവാൻ
പാൽപാൽപൊഴിയും നിലാത്തുള്ളികൾ
കാണാക്കണ്ണിന്റെ ഉള്ളിൽനിന്നൊരു
വെള്ളപ്പൂമൊട്ടുകൾ വിരിഞ്ഞിറങ്ങി
പിന്നെപിന്നെ രാത്രി മയങ്ങുമ്പോൾ
കൂടെക്കൂടെ ഞാൻ ഉറ്ങ്ങും

ദേവിക



# കറുപ്പിനഴക്




ഒരു ഗ്രാമത്തിൽ കണ്ണൻ എന്നു പേരുള്ള ഒരു കുട്ടിയുണ്ടായിരുന്നു. അവൻ നന്നേ  കറുത്തിട്ടായതുകൊണ്ട് സുഹൃത്തായിആരും അവനെ കൂട്ടിയിരുന്നില്ല.  എല്ലാ കുട്ടികളും അവനെ പരിഹസിക്കുമായിരുന്നു. ഇത് കണ്ണനെ വല്ലാതെ വിഷമത്തിലാക്കി.  അവൻ തന്റെ ഈ സങ്കടം അവന്റെ അമ്മയോട് പറഞ്ഞു. അപ്പോൾ അമ്മ അവനെ സമാധാനിപ്പിച്ചു കൊണ്ടു പറഞ്ഞു.  മോനേ തൊലിയുടെ നിറത്തിലല്ല മനസ്സിന്റെ നിറത്തിലാണ് മഹത്വം ഒളിഞ്ഞുകിടക്കുന്നത്. നിന്റെ തൊലി കറുത്തിട്ടാണെങ്കിലും മനസ്സ് നന്നേ വെളുത്തിട്ടാണ്. അങ്ങനെയിരിക്കെ ഒരു ദിവസം നാട്ടിലെ അമ്പലക്കുളത്തിൽ കുളിക്കാനിറങ്ങിയ അവിടുത്തെ ഒരു നമ്പൂതിരിയുടെ മകൻ മുങ്ങിപ്പൊന്തുന്നത് അവൻ കണ്ടു.  ഇതു കണ്ട കണ്ണൻ കുളത്തിലേക്കു ചാടി നമ്പൂതിരിക്കുട്ടിയെ രക്ഷിച്ചു.  അപ്പോഴേക്കും

കുട്ടിയുടെഅച്ഛനംഅമ്മയും നാട്ച്ചുകാരും ഒക്കെ അവിടെ എത്തി. കണ്ണൻകൃത്യസമയത്ത് എത്തിയില്ലായിരുന്നെങ്കിൽ ആ നൂതിരിയുടെ മകൻ  മരിക്കുമായിരുന്നു. എല്ലാവരും കണ്ണനെ അഭിനന്ദിച്ചു. തൊലിയുടെ നിറത്തിലല്ല മനസ്സിന്റെ നിറത്തിലാണ് മഹത്വം എന്ന് അമ്മ പറഞ്ഞത്  അവിടെയുള്ള എല്ലാർക്കും മനസ്സിലായി.  പിന്നീടവർ കണ്ണനെ അവരുടെ കൂട്ടത്തിൽ കൂട്ടി. എല്ലാവരും ഒരുപോലെ നിറവ്യത്യാസങ്ങളില്ലാതെ കളിച്ചു.

ഫാത്തിമ സബ്ന കെ പി

# പ്രകൃതി തൻസുന്ദരം



പച്ചപ്പരവതാനി പോൽ മിന്നിത്തിളങ്ങുന്ന വയലുകൾ
വയലിന്നിടകളിലൂടെ ഒഴുകുന്ന അരുവികൾ
സൂര്യപ്രകാശത്തിൽ മിന്നുന്ന മീനുകൾ
മിന്നിത്തിളങ്ങുന്ന അരുവികൾ
ആടുന്ന പാടുന്ന പ്രകൃതി തൻ സുന്ദരം
എത്ര മനോഹരം പുൽമേട്ടുകൾ
പൊന്നിൻ നിറമമുള്ള കതിരുകൾ
ആടുന്ന പാടുന്ന കൈതോലകൾ
മഴവില്ല് കാണുമമ്പോൾ ആടുന്ന പാടുന്ന മയിലുകൾ
മിന്നിത്തിളങ്ങുന്ന തെങ്ങോലകൾ
പച്ചവിരിച്ച വയലേലകൾ
മഴവെള്ളം കാണുമ്പോൾ കരയുന്ന തവളകൾ
വയലിൽ ഇരിക്കുന്ന സുന്ദരിക്കൊക്കുകൾ
മീനെപ്പിടിക്കുന്ന പൊന്മാനുകൾ
എന്തൊരു സുന്ദരമ പ്രകൃതി തൻ പച്ച പുതപ്പിച്ച വയലേലകൾ
ശിവപ്രിയ എം

# പാറിപ്പാറുന്ന പക്ഷികൾ



കേൾക്കു കേൾക്കു കൂട്ടരേ
പക്ഷികൾ എങ്ങനെ പാടുന്നു
കുഞ്ഞിക്കുയിലുകൾ മയിലുകൾ
എങ്ങനെ എങ്ങനെ പാടുന്നു
കാണുവിൻ കാണുവിൻ കൂട്ടരേ
കിളികൾ എങ്ങനെ പാറുന്നു
എന്തൊരു ഭംഗി എന്തൊരു ഭംഗി
എങ്ങനെ എങ്ങനെ പാറുന്നു

സ്നേഹ കെ

# എന്റെ വിദ്യാലയം



അ എന്ന അക്ഷരം കൊണ്ടു തുടങ്ങുന്ന
അക്ഷരമുറ്റമെന്ന എന്റെ വിദ്യാലയം
പച്ചക്കുട ചൂടി വൻ മരങ്ങൾ
കാറ്റിൽചാഞ്ചാടുന്ന കാറ്റാടികൾ
ഉള്ള ഒരു കൊച്ചുവിദ്യാലയം
അറിവു പകർന്നിടും ഗുരുനാഥന്മാർ
ആർത്തുല്ലസിച്ചീടാൻ കൂട്ടുകാരും
നല്ല ഉപദേശങ്ങൾ ഞങ്ങൾക്ക് പകർന്നിടും
മാതൃസ്നേഹമെൻ വിദ്യാലയം
എത്ര മനോഹരം എന്റെ വിദ്യാലയം

മുഹമ്മദ് സിയാദ്

# അഹങ്കാരിക്ക് പറ്റിയപറ്റ്



കിങ്ങിണിക്കാട്ടിൽ ഒരു അഹങ്കാരിയായ കിട്ടുമുയൽ ഉണ്ടായിരുന്നു. കിട്ടു എല്ലാവരെയും ഉപദ്രവിക്കുമായിരുന്നു. അങ്ങനെയിരിക്കെ കിട്ടു ഒരു വഴിയിലൂടെ നടന്നുപോവുകയായിരുന്നു. വഴിയിൽ കിട്ടുഒരു വടി കണ്ടു. ഇതു കൊണ്ട് എല്ലാവരെയും അടിക്കാം. കിട്ടു എല്ലാവരെയും അടിക്കാൻ ഓടി. ചിലരെയൊക്കെ അവന്റെ കയ്യിൽ കിട്ടുകയും അവരെയൊക്കെ

അവൻ അടിക്കുകയും ചെയ്തു. നല്ലവനും ബുദ്ധിയുള്ളവനുമായിരുന്ന ടിങ്കുക്കരടി ഇതെല്ലാം കാണുന്നുണ്ടായിരുന്നു. അഴൻ കിട്ടുവിന്റെ അടുത്തു ചെന്നുകൊണ്ട് പറഞ്ഞു എന്നെ അടിക്കാൻ വാ എന്നു പറഞ്ഞ് ടിങ്കുക്കരടി ഓടാൻ തുടങ്ങി. ടിങ്കുവിന്റെ പിന്നാലെ കിട്ടു ഓടാൻ തുടങ്ങി. അടിക്കാൻ വേണ്ടി ടിങ്കു എങ്ങോട്ടോ ഓടി മറഞ്ഞു. ദേഷ്യം കാരണം കിട്ടു ഒരു പാറയിൽ അടിച്ചു. പക്ഷേ അത് പാറയായിരുന്നില്ല. അത് ശങ്കാരി ആനയായിരുന്നു. ദേഷ്യം വന്ന ശിങ്കാരി അവന്റെ തുമ്പിക്കയ്യിൽ കിട്ടുവിനെ എടുത്തു കൊണ്ട് ഒറ്റ ഏറ്. അവന് വല്ലാതെ വേദനിച്ചു. അതോടെ അവന്റെ അഹങ്കാരം എല്ലാം മാറി.

അപർണ്ണ കെ

# അണ്ണാനും കടുവയും



ഒരു കാട്ടിൽ ഒരു അണ്ണാനും കടുവയും ഉണ്ടായിരുന്നു. അവർ രണ്ടുപേരും കൂട്ടുകാർ ആയിരുന്നു. അങ്ങനെ ഒരു ദിവസം അണ്ണാൻ മരത്തിനുമുകളിൽ കയറിയപ്പോൾ അണ്ണാൻ കടുവയോടുചോദിച്ചു. നീ എന്താ കയറാത്തതെന്ന്. അപ്പോൾ കടുവ പറഞ്ഞു എനിക്ക് കയറാൻ കഴിയില്ലെന്ന്. അപ്പോൾ അണ്ണാൻ പറഞ്ഞു നമുക്കൊരു കളിവീടുണ്ടാക്കിയാലോ എന്ന്. എങ്ങനെയാണ് ഉണ്ടാക്കുക എന്ന് കടുവ ചോദിച്ചു. കളിവീടുണ്ടാക്കുന്നതിനായി വടി ഓലക്കൊടി എന്നിവ

വേണമെന്നു പറഞ്ഞു.  അങ്ങനെ അവർ കളിവീടുണ്ടാക്കാൻ ആരംഭിച്ചു  ആ സമയത്ത് അവിടേക്ക് ഒരു കുഞ്ഞിക്കുരങ്ങൻ വന്നു.  അണ്ണാൻ കുരങ്ങനോട് അവന്റെ പേരെന്താണ് എന്നന്വേഷിച്ചു.  മറുപടിയായി അപ്പൂസ് എന്നാണെന്നു പറഞ്ഞു  നീ എന്തിനാണിങ്ങോട്ടു വന്നതെന്ന് അണ്ണാൻ ചോദിച്ചു.  അവൻ അവന്റെ അമ്മയെ തിരയുകയായിരുന്നു.  കുവയും അണ്ണാനുംകുരങ്ങന്റെ കൂടെ അന്വേഷിക്കാൻ തുടങ്ങി.  അവസാനം അവർക്ക് കുരങ്ങന്റെ അമ്മയെ തിരികെ കിട്ടി.  അവർ വീട്ടിലേക്കുമടങ്ങി.

ഷഹാന ഷെറി

# മദ്യം




ഒരിടത്തൊരു രാമുവും ദാമുവും ഉണ്ടായിരുന്നു. അവർ രണ്ടുപേരും സുഹൃത്തുക്കൾ ആയിരുന്നു. അവരുടെ സുഹൃദ്ബന്ധം കണ്ട് പലർക്കും അസൂയ തോന്നി. ഒരിക്കൽ ഒരു സന്യാസി ആ ഗ്രാമത്തിൽ എത്തി. വിജനമായ ഒരു സ്ഥലത്ത് കുടിൽ കെട്ടി സന്യാസി താമസിച്ചുതുടങ്ങി. ഒരു ദിവസം രാമുവും ദാമുവും നടന്നുപോകുമ്പോൾ സന്യാസിയെ കണ്ടുമുട്ടി. സന്യാസി അവരോടു പറഞ്ഞു നിങ്ങൾ ഒരുമിച്ച് എന്ത് ചെയ്താലും അത് നിങ്ങളുടെ ഭാവിയിൽ നേട്ടം രണ്ടുപേർക്കും സന്തോഷമായി. തുടർന്ന് ഇവർ ഒരു കച്ചവടത്തിൽ ഏർപ്പെടുകയും ചെയ്തു. സന്യാസി പറഞ്ഞതുപോലെത്തന്നെ അവർക്ക് നല്ലൊരു നേട്ടം കിട്ടി. ഒത്തിരി സമ്പാദ്യങ്ങൾ ജീവിതത്തിലേക്കു വന്നപ്പോൾ ഇവർ പഴയ ജീവിതം നന്നേ മറന്നുപോയി. പിന്നീടിവരുടെ ജീവിതത്തിലേക്ക് മദ്യലഹരിയും കടന്നുവന്നു. അമിതായി മദ്യംകുടിക്കുന്നതുമൂലം ഇവരുടെ സമ്പാദ്യം സൂക്ഷിക്കുന്ന സ്ഥലവും ആളുകളോട് പറയാൻ തുടങ്ങി. ഇതെല്ലാം കേൾക്കുന്ന ആളുകൾക്കിടയിൽകള്ളന്മാരും ഉണ്ടായിരുന്നു. പിറ്റേ ദിവസം

രാമുവും ദാമുവും മദ്യപിച്ച് അബോധാവസ്ഥയിലായ സമയത്ത് കള്ളന്മാർ ഇവരുടെ വീട്ടിൽ കയറി. ഇവരുടെ സമ്പത്തെല്ലാം  കൊള്ളയടിക്കുകയും ചെയ്തു.  മദ്യവും പുകയിലും ശരീരത്തിന് ഹാനികരമാണെന്നും കൂടാതെ മദ്യപിക്കൽ കാരണം തന്റെ ജീവിതസമ്പത്ത് തന്നെ നഷ്ടപ്പെട്ട രണ്ടു വ്യക്തികളുടെ കഥയാണിത്.

ഷഹല ഷെറിൻ കെ

# അമ്മയുടെ സ്നേഹം




ഒരിക്കൽ അമ്മതൻ ചേറുവിളമ്പുമ്പോൾ
തട്ടിത്തെറിപ്പിച്ചു ഞാൻ പോയി
അമ്മയെ ഞാൻ ശകാരിച്ചു
ഓർത്തില്ല ഞാനപ്പോഴൊന്നും
അമ്മയാണെന്ന കാര്യം മറന്നു
അമ്മയെക്കരയിപ്പിച്ച് ഞാനുല്ലസിച്ചു
അമ്മയെ എത്രമാത്രം വേദനിപ്പിച്ചു എന്നും
പിന്നീടൊരിക്കൽ എനിക്കു മനസ്സിലായി
അമ്മയുടെ സ്നേഹം എത്രമാത്രം

അതു തട്ടിത്തെറിപ്പിക്കരുതെന്നും
അമ്മയാണെല്ലാമെന്നും
പിന്നീടൊരിക്കൽ ഞാൻ തിരിച്ചറിഞ്ഞു
അമ്മയുടെ അടുത്തു ചെന്നപ്പോൾ ആ വീടും പറമ്പും അടച്ചിട്ട പോലെ
അമ്മ എവിടെയെന്ന ചോദ്യത്തിന് ഉത്തരമറിയാതെ
ഞാനലഞ്ഞു.

അഷിബ എം

## ജീവിതവഴികൾ

അത്തിമുറ്റം എന്ന തറവാട്ടിലെ ഒരു കണ്ണിലുണ്ണിയാണ് ഉണ്ണിക്കുട്ടൻ. ഒരു ദിവസം സ്കൂൾ വിട്ട് വരുന്ന വഴി ആരൊക്കെയോ ചേർന്ന് അവനെ തട്ടിക്കൊണ്ടുപോയി. ഇതറിഞ്ഞ് അത്തിമുറ്റം തറവാട് ഒരു സങ്കടപ്പുഴയായൊഴുകി. തട്ടിക്കൊണ്ടുപോയവർ അവനെ ഏതോ ഒരു സ്ഥലത്തേക്കു കൊണ്ടുപോയി ഒരു കാട്ടിൽ വലിച്ചെറിഞ്ഞു. അവൻ കുറച്ചു കഴിഞ്ഞു നോക്കിയപ്പോൾ അവന്റെ അമ്മ നൽകിയ സ്വർണ്ണമോതിരം കാണാനില്ല. അവൻ മാതാപിതാക്കളെ കാണാതെ അലറിക്കരഞ്ഞു. ഇതു കേട്ട തമിഴന്മാർ അവനെ സമാധാനിപ്പിച്ച് അവരുടെ വീട്ടിലേക്കു കൊണ്ടുപോയി അവരുടെ കൂടെ ഉണ്ണിക്കുട്ടനും ജോലിക്കുപോയി. അവൻ കറുത്തു കരിവാളിച്ചു. പിന്നെ ഒരു ദിവസം അവൻ അവരോടൊപ്പം പോകുമ്പോൾ അമ്മയെ കണ്ടു. അവൻ അമ്മയുടെ അടുത്തേക്കു പോയി. അവനെ കണ്ടപ്പോൾ അമ്മക്കു സന്തോഷമായി. പിന്നെ അത്തിമുറ്റം തറവാട്ടിൽ ആഘോഷമായിരുന്നു.

സ്നേഹ കെ

# അറിയാതെ വന്ന സൗഭാഗ്യം




ഒരു മനോഹരമായ ഗ്രാമം. അതിൽ സുന്ദരിയായ പെൺ കുട്ടിയുണ്ടായിരുന്നു. അവൾ വളരെ പാവപ്പെട്ട കുടുംബത്തിലെ കുട്ടിയായിരുന്നു. അവൾക്ക് പഠിക്കാൻ വളരെ ഇഷ്ടമായിരുന്നു. പക്ഷെ അവളുടെ കുടുംബം വളരെ പാവപ്പെട്ടവർ ആയിരുന്നതു കൊണ്ട് അവളെ പഠിപ്പിക്കാൻ കഴിഞ്ഞില്ല. ഒരു ദിവസം വഴിയിൽ ഒരു മുത്തശ്ശി കാൽ തെറ്റി വീണ് ചോര ഒലിച്ച് കിടക്കുയായിരുന്നു. മോളെ ഒന്നു സഹായിക്കാമോ ? ആ മുത്തശ്ശി കരഞ്ഞുകൊണ്ട് ചോദിച്ചു. അവൾ മുത്തശ്ശിയെ താങ്ങി എടുത്തു കൊണ്ടുപോയി വദ്യരുടെ അടുത്ത് കൊണ്ട് പോയി. മുറിവ് കെട്ടിക്കൊടുത്തു. വീട്ടിലേക്കു തിരിച്ചുപോയ അവൾ കണ്ടത് തന്റെ വീടിന്റെ സ്ഥാനത്ത് വലിയ മാളികവീട്. വീട്ടുകാർ എല്ലാം

നല്ല വസ്ത്രങ്ങളും ആഭരണങ്ങളും ഇട്ടു നിൽക്കുന്നു.  തനിക്ക് വഴി തെറ്റി എന്നു കരുതി തിരിച്ചു പോകാൻ നിന്നപ്പോൾ അവളുടെ അമ്മ വാ മോളേ ഇത് നമമുടെ വീടാണ്  എങ്ങനെ ഇതു സംഭവിച്ചു? അറിയില്ല മോളേ അറിയില്ല മോളേ.  ഏതായാലും ഇതു നമ്മുടെ വീടാണ്.

ഫെബിന

# തുള്ളികൾ



ഒരു തുള്ളി പല ആറ്റിൽ അലഞ്ഞു ഞാൻ
ഒരു മണിപ്പൂവ് വിരിയാനായ് ഇനിയും ഞാൻ വന്നിടും
ഒരു മലർക്കാവിൽ ചിന്നി തെറിക്കുന്ന
ഗ്രാമമായ് പൂമലരായ് കിളികളായ്
ചെന്നിടാൻ ആഗ്രഹം മോഹം

# കയർ



ആരോടും മിണ്ടാതെ  ആരോടും പറയാതെ
ഒരു കണ്ടം കയറിന്മേൽ
തൂങ്ങിയതെന്തെന്നമ്മേ

ഒരു കണ്ടം കയറിന്മേൽ
ജീവനൊടുക്കുമ്പോൾ
അച്ഛനെയും മക്കളെയും ഓർക്കാഞ്ഞതെന്തെന്നമ്മേ?

ഒറ്റക്കു പോകുമ്പോൾ ഇരുളിൽ മറയുമ്പോൾ
എന്നെയും കൂടെ വിളിച്ചൂടാർന്നോ എന്നമ്മേ?

ആറാംവയസ്സിൽ ആറാംവയസ്സിൽ
എന്നെയും ഇട്ടേച്ച് പോയതെന്തെന്നമ്മേ?
ആരോടും മിണ്ടാതെ  ആരോടും പറയാതെ
ഒരു കണ്ടം കയറിന്മേൽ
തൂങ്ങിയതെന്തെന്നമ്മേ

## വിഷമദ്യം

ഈ നമ്മുടെ കൊച്ചു കേരളത്തിൽ നലഹരിമരുന്നുകളുടെ ഉപയോഗം ദിനം പ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. യുവാക്കളെ വൃദ്ധരും എല്ലാംതന്നെ മദ്യത്തിനും മയക്കുമരുന്നിനും ഇരയായിക്കൊണ്ടിരിക്കുയാണ്. ഒരു കുപ്പി മദ്യം ഒരു കുടുംബത്തിനെ തന്നെ നാശത്തിലേക്ക് നയിക്കുന്നു. അതിന്റെ വീപത്തുകൾ വളരെയേറെയാണ്.